ഉത്തരം

വിശദവിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്*

അട്ടപ്പാടി ഐ.ടി.ഡി. പ്രോജക്ടിൽ കൂടി നടപ്പിലാക്കിയ വികസന പദ്ധതികൾ

1330 [2361] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1985–86 സാമ്പത്തിക വർഷത്തിൽ അട്ടപ്പാടി ഐ.ടി.ഡി. പ്രോജക്ടിൽ കൂടി നടപ്പിലാക്കിയ വികസന പദ്ധതികളും ഓരോന്നിനും ചിലവാക്കിയ തുകയും വ്യക്തമാക്കാമോ?

ഉത്തരം

1985–86 സാമ്പത്തിക വർഷത്തിൽ ഐ.ടി.ഡി. പ്രോജക്ടിൽകൂടി ഐ.ആർ.ഡി.പി., എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. നാമമാത്ര കൃഷിക്കാരെ സഹായിക്കുന്നതിനുള്ള പദ്ധതി (Assisstance to SF/MF Scheme) ഡി.ഡബ്ലിയു.ഡി.ആർ.എ. എന്നീ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഓരോന്നിനും ചിലവാക്കിയ തുക താഴെ പറയും പ്രകാരമാണ്.

ഐ.ആർ.ഡി.പി.	രൂപ 4.25 ലക്ഷം
എൻ.ആർ.ഇ.പി.	,, 15.30 ലക്ഷം
ആർ.എൽ.ഇ.ജി.പി.	,, 4.55 ലക്ഷം
സ്കീം ഓഫ് അസിസ്റ്റൻസ്ടു സ്മോൾ ആൻറ് മാർജിനൽ ഫാർമേഴ്സ്	,, 0.55 ലക്ഷം
ഡി.ഡബ്ലിയു.ഡി.ആർ.എ.	,, 0.81 ലക്ഷം

പള്ളുരുത്തി ബ്ലോക്ക് അതിർത്തിയിൽ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ

1331 [2362] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980 ഏപ്രിൽ 1 മുതൽ 1986 മാർച്ച് 31 വരെ പള്ളുരുത്തി ബ്ലോക്ക് അതിർത്തിയിൽ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ ഏത്ര;

(ബി) അവ ഏതെല്ലാം;

(സി) അവയ്ക്കു മൊത്തം ചെലവഴിച്ച തുകയെത്ര?

അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly